**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5365** **21-03-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം കളിസ്ഥലങ്ങളാണ് തെരെഞ്ഞെടുത്തിട്ടുള്ളതെന്നും പ്രസ്തുത സ്ഥലങ്ങളിൽ തയ്യാറാക്കുന്ന ഗ്രൗണ്ടുകളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ? | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ നിന്നും തഴക്കര ഗ്രാമപ്പഞ്ചായത്തിലെ ഇറവൻകര കളിസ്ഥല നിർമ്മാണം, നൂറനാട് പഞ്ചായത്തിലെ പടനിലം കളിസ്ഥല നിർമ്മാണം എന്നീ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>ഇറവൻകര കളിസ്ഥലനിർമ്മാണത്തിനായി എം.എൽ.എ. ആസ്തിവികസനഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ച് 30.12.2023-ലെ G3/8795/2023 നമ്പർ നടപടിക്രമം പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ ഉത്തരവായതിനെ തുടർന്ന് ആനുപാതികമായ തുക കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് 11.01.2024-ലെ എ3-8526/23 നമ്പർ ഉത്തരവ് പ്രകാരം കായികയുവജനകാര്യ ഡയറക്ടർ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത് മഡ് കോർട്ട് നിർമ്മാണം, ഗാലറി നിർമ്മാണം, ഓപ്പൺ ജിം, ഡ്രെയിനേജ്, ഫെൻസിംഗ്, ഫ്ലഡ് ലൈറ്റിംഗ് എന്നിവയാണ്.<br><br>ടി പ്രവൃത്തിയ്ക്ക് 09.02.2024-ൽ 89,94,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും 09.03.2024-ൽ ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ടി ഇ-ടെൻഡറിൽ ആരും പങ്കെടുത്തിരുന്നില്ല. ആയതിനാൽ 29.04.2024, 13.05.2024 തീയതികളിൽ പുന:ദർഘാസുകൾ ക്ഷണിച്ചു. 13.05.2024-ൽ ലഭിച്ച ദർഘാസ് പ്രകാരം യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എൻ. വിജയൻ, ആലപ്പുഴ എന്ന കരാറുകാരനുമായി |

| | | | |
|---|---|---|---|
| | | | 79,73,000/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 02.08.2024-ന് കരാറിൽ ഏർപ്പെടുകയും കരാറുകാരന് 12.08.2024-ന് സൈറ്റ് കൈമാറി നല്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സ്കൂളിന്റെ മെയിൻ ഗേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതർക്ക് അഭിപ്രായ വ്യത്യാസമുണ്ടായ സാഹചര്യത്തിൽ 23.11.2024-ന് എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടത്തുകയും ആയതിൽ മെയിൻ ഗേറ്റിന്റെ സ്ഥാനം മാറ്റി സ്ഥാപിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. ഗേറ്റിന്റെ സ്ഥാനം മാറ്റുമ്പോൾ ഇലക്ട്രിക് പോസ്റ്റ് മാറ്റുകയും 10-ൽ അധികം മരങ്ങൾ മുറിച്ചു മാറ്റുകയും ചെയ്യേണ്ടി വരും. ഇത് സംബന്ധിച്ച് സ്കൂൾ അധികൃതരെ വിവരങ്ങൾ അറിയിച്ചതു പ്രകാരം സ്കൂളിൽ നിന്നും 27.11.2024-ൽ പഞ്ചായത്തിലേയ്ക്കും, 06.01.2025-ൽ ജില്ലാ പഞ്ചായത്തിലേയ്ക്കും കത്തുകൾ സമർപ്പിച്ചിട്ടുണ്ട്. മേൽ വിഷയങ്ങളിൽ തീരുമാനം ലഭ്യമായാലുടൻ മരങ്ങൾ മുറിച്ച് മാറ്റി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ